# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 747** — **12.06.2013-ലെ മറുപടിക്ക്**

**സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനം**

**ചോദ്യം**

ശ്രീ. പുരുഷൻ കടലുണ്ടി :

**ഉത്തരം**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരമേൽക്കും മുൻപ് സർക്കാരുമായി എഗ്രിമെന്റിൽ എത്തിയ സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ, ഡെന്റൽ കോളേജുകളിലെ എം.ബി.ബി.എസ്., ബി.ഡി.എസ്. കോഴ്സുകളുടെ സർക്കാർ അനുമതി നല്കിയ പ്രകാരമുള്ള ഫീസ് നിരക്കുകൾ എത്രയായിരുന്നു ;

(എ) ഈ സർക്കാർ അധികാരമേൽക്കും മുൻപ് 2010-11 അദ്ധ്യയന വർഷത്തെ മെഡിക്കൽ ദന്തൽ പ്രവേശനവുമായി ബന്ധപ്പെട്ട് സർക്കാരുമായി എഗ്രിമെന്റിൽ എത്തിയ സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ, ദന്തൽ കോളേജുകളിലെ എം.ബി.ബി.എസ്., ബി.ഡി.എസ്. കോഴ്സുകളുടെ സർക്കാർ അനുമതി നല്കിയ പ്രകാരമുള്ള ഫീസ് നിരക്കുകൾ താഴെ പറയുന്നു.

**എം.ബി.ബി.എസ്.**

| | |
|---|---|
| ബി.പി.എൽ വിഭാഗം | - 25,000 |
| എസ്.ഇ.ബി.സി. വിഭാഗം | - 45,000 |
| സർക്കാർ മെരിറ്റ് | - 1,38,000 |
| മാനേജ്മെന്റ് ക്വാട്ട | - 5,50,000 |
| (അഞ്ച് ലക്ഷം പലിശ രഹിത നിക്ഷേപം പുറമേ) | |
| എൻ.ആർ.ഐ. ക്വാട്ട | - 9,00,000 |

**ബി.ഡി.എസ്.**

| | |
|---|---|
| ബി.പി.എൽ വിഭാഗം | - 23,000 |
| എസ്.ഇ.ബി.സി. വിഭാഗം | - 44,000 |
| സർക്കാർ മെരിറ്റ് | - 1,10,000 |
| മാനേജ്മെന്റ് ക്വാട്ട | - 3,50,000 |
| എൻ.ആർ.ഐ. ക്വാട്ട | - 4,00,000 |

(ബി) ആയതിൽ സർക്കാരിന് പ്രവേശനം നടത്താവുന്ന സീറ്റുകൾ എത്ര ശതമാനമായിരുന്നു ;

(ബി) സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലെ 50 ശതമാനം സീറ്റുകളിൽ സർക്കാർ മെരിറ്റിൽ പ്രവേശനം നടത്തിയിട്ടുണ്ട്.

**(P.T.O.)**

(സി) ആയത് ഓരോന്നും ഇപ്പോൾ എത്രയാണ് ; വിശദമാക്കുമോ ?

(സി) 2013-14 അദ്ധ്യയന വർഷത്തെ സ്വാശ്രയ പ്രവേശനവുമായി ബന്ധപ്പെട്ട് കേരള പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷനുമായും ആൾ കേരള സെൽഫ് ഫിനാൻസ് ദന്തൽ കോളേജ് മാനേജ്മെന്റ് കൺസോർഷ്യവുമായും ഈ സർക്കാർ ഒപ്പുവച്ച കരാറുകൾ പ്രകാരം എം.ബി.ബി.എസ്., ബി.ഡി.എസ് . കോഴ്സുകൾക്കുള്ള ഫീസ് ഘടന താഴെ പറയും പ്രകാരമാണ്.

**<u>എം.ബി.ബി.എസ്.</u>**

| | |
|---|---|
| ബി.പി.എൽ വിഭാഗം | - 25,000 |
| എസ്.ഇ.ബി.സി. വിഭാഗം | - 25,000 |
| സർക്കാർ മെരിറ്റ് | - 1,65,000 |
| മാനേജ്മെന്റ് ക്വാട്ട | - 7,00,000 |
| (അഞ്ച് ലക്ഷം പലിശ രഹിത നിക്ഷേപം പുറമേ) | |
| എൻ.ആർ.ഐ. ക്വാട്ട | - 10,50,000 |

**<u>ബി.ഡി.എസ്.</u>**

| | |
|---|---|
| ബി.പി.എൽ വിഭാഗം | - 23,000 |
| എസ്.ഇ.ബി.സി. വിഭാഗം | - 44,000 |
| സർക്കാർ മെരിറ്റ് | - 1,50,000 |
| മാനേജ്മെന്റ് ക്വാട്ട | - 4,25,000 |
| എൻ.ആർ.ഐ. ക്വാട്ട | - 5,00,000 |

2013-14 അദ്ധ്യയന വർഷത്തെ കരാറുകൾ പ്രകാരവും സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലെ 50 ശതമാനം സീറ്റുകളിൽ സർക്കാർ മെരിറ്റിൽ പ്രവേശനം നടത്താൻ വ്യവസ്ഥയുണ്ട്.

സെക്ഷൻ ഓഫീസർ